പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2437      19/03/2015 ൽ മറുപടിക്ക്

## ഡയാലിസിസ് കേന്ദ്രങ്ങൾ പ്രവർത്തിപ്പിക്കുന്നതിന് മാർഗ്ഗനിർദ്ദേശങ്ങൾ

| ചോദ്യം<br>ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി | | ഉത്തരം<br>ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ഡയാലിസിസ് കേന്ദ്രങ്ങൾക്കുള്ള പ്രവർത്തനാനുമതിക്കും പ്രവർത്തനങ്ങൾക്കും മാർഗ്ഗനിർദ്ദേശങ്ങൾ നടപ്പിലാക്കുമോ ; | (എ) | കേരള നെഫ്രോളജി അസോസിയേഷന്റെ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ചാണ് ഡയാലിസിസ് കേന്ദ്രങ്ങളുടെ പ്രവർത്തനം നടന്നുവരുന്നത്. |
| (ബി) | ഉപയോഗിക്കുന്ന മെഷീനുകളുടെയും മരുന്നുകളുടെയും ഗുണമേന്മ, ഡയാലിസിസ് കേന്ദ്രങ്ങളിലെ സൗകര്യങ്ങൾ, ആവശ്യമായ സ്റ്റാഫിന്റെ സാന്നിദ്ധ്യം എന്നിവ ഉറപ്പ് വരുത്തുമോ ; | (ബി) | കെ.എം.എസ്.സി.എൽ. നൽകുന്ന മരുന്നുകളും ഉപകരണങ്ങളും ഗുണനിലവാരമേന്മ ഉറപ്പുവരുത്തിയതിനുശേഷമാണ് ആശുപത്രികൾക്ക് നൽകുന്നത്. ഡയാലിസിസ് കേന്ദ്രങ്ങളിലെ സൗകര്യങ്ങൾ ആവശ്യമായ സ്റ്റാഫിന്റെ സാന്നിദ്ധ്യം എന്നിവ ഉറപ്പുവരുത്തുന്നത് ഡയാലിസിസ് കേന്ദ്രങ്ങൾ ഉള്ള ആശുപത്രികളിലെ സൂപ്രണ്ടുമാരാണ്. ഡയാലിസിസ് ഡോക്ടറായി അതാത് ആശുപത്രികളിലെ, ട്രെയിനിംഗ് ഉള്ള ഡോക്ടർമാരെയാണ് നിയമിക്കുന്നത്. |
| (സി) | ഡയാലിസിസ് കേന്ദ്രങ്ങൾക്ക് പ്രത്യേക ധനസഹായം അനുവദിക്കുമോ ? | (സി) | ഡയാലിസിസ് കേന്ദ്രങ്ങളുടെ പ്രവർത്തനത്തിന് പ്ലാൻ ഫണ്ടിൽ (2011-12) ജനറൽ ആശുപത്രി പത്തനംതിട്ട, താലൂക്ക് ആശുപത്രി തൊടുപുഴ, ജില്ലാ ആശുപത്രി തൃശ്ശൂർ, കണ്ണൂർ ജി.എച്ച്. കോഴിക്കോട് എന്നീ ആശുപത്രികൾക്ക് ഡയാലിസിസ് സെന്ററുകൾ തുടങ്ങുന്നതിന് ഒരു കോടി രൂപ വീതം അനുവദിച്ചിട്ടുണ്ട്. കൂടാതെ, കാരുണ്യ ബെനവലന്റ് ഫണ്ട് ഉപയോഗിച്ച് 27 സർക്കാർ ആശുപത്രികളിൽ ഡയാലിസിസ് സെന്ററുകൾ തുടങ്ങുന്നതിനുവേണ്ടി 3149.96 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ